(സി) 250 സ്കൂളുകൾക്ക് ഓരോ ലക്ഷം രൂപാ വീതം ലാബ് സജ്ജമാക്കുന്നതിന് നൽകി. 11-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടു കൂടി മൊത്തം 62 സർക്കാർ ഹൈ സ്കൂളുകൾക്ക് 5 കമ്പ്യൂട്ടർ വീതം വിതരണം നടത്തുന്നതിന് 5 റിസോഴ്സ് സെന്ററുകൾക്കും വേണ്ടി 121.06 ലക്ഷം രൂപയും ചെലവഴിച്ചു.

(ഡി) 1. ടൗൺ എച്ച്.എസ്., കണ്ണൂർ
2. ടി.എച്ച്.എസ്.പ്രാപിൻ
3. ജി.എച്ച്.എസ്. രാമന്തല
4. ജി.എച്ച്.എസ്.എസ്. ചെറുക്കുന്ന്
5. ജി.എച്ച്.എസ്. പിണറായി
6. ജി.എച്ച്.എസ്. മാലൂർ
7. ജി.എച്ച്.എസ്.എസ്. മണത്തുറ
8. ജി.എച്ച്.എസ്.എസ്. പാലക്കാട്
9. ജി.എച്ച്.എസ്. ഇരിക്കൂർ
10. ജി.എച്ച്.എസ്. പെലോറ
11. ജി.എച്ച്.എസ്.എസ്. പാവശ്ശേരി
12. ജി.എച്ച്.എസ്. ഇടയന്നൂർ
13. ജി.എച്ച്.എസ്. കോട്ടില
14. ജി.എച്ച്.എസ്.എസ്. വെല്ലൂർ
15. ജി.എച്ച്.എസ്. കോട്ടയം മലബാർ

(ഇ) ടെക്നിക്കൽ ഹൈസ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(എഫ്) നിലവിൽ പുതുതായി നടപ്പിലാക്കിയ സിലബസിൽ കമ്പ്യൂട്ടർ പഠനം നിർബന്ധ വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ചീമേനിയിൽ ഐ.എച്ച്.ആർ.ഡി.-യ്ക്ക് അനുവദിച്ച സ്ഥലത്ത് റ്റി.എച്ച്.എസ്.എസ്. ആരംഭിക്കുന്നതിന് നടപടി

135 (3696) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനിയിൽ സെന്റിന് 500 രൂപ നിരക്കിൽ 25 ഏക്കർ സ്ഥലം ഐ.എച്ച്.ആർ.ഡി.-ക്ക് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലം ഐ.എച്ച്.ആർ.ഡി. ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലെത്തി എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തെ തുടർന്ന് പ്രസ്തുത സ്ഥലത്ത് ഐ.എച്ച്.ആർ.ഡി. ആരംഭിക്കുമെന്ന് അറിയിച്ച ടെക്നിക്കൽ ഹയർസെക്കണ്ടറി സ്കൂൾ അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് എപ്പോൾ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ചീമേനിയിൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് സ്ഥാപിക്കുന്നതിനു വേണ്ടി സെന്റിന് 500 രൂപ നിരക്കിൽ വസ്തുവില അടയ്ക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഗവൺമെന്റ് അനുവദിച്ച സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് തീരുമാനം ഐ.എച്ച്.ആർ.ഡി.-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയിലാണ്.

(ബി) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ (ചീമേനി) 2 ഏക്കർ സ്ഥലവും താല്ക്കാലിക കെട്ടിടങ്ങളും സൗജന്യമായി ലഭിക്കുന്ന മുറയ്ക്ക് സർക്കാർ അംഗീകാരത്തിനായി ഐ.എച്ച്.ആർ.ഡി. അപേക്ഷിക്കുന്നതാണ്.

ഹരിപ്പാട് ഗവൺമെന്റ് ടെക്നിക്കൽ എച്ച്.എസി-ന്റെ പുതിയ കെട്ടിടം

136 (3697) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് ഗവൺമെന്റ് ടെക്നിക്കൽ എച്ച്എസ്. പുതിയ കെട്ടിടത്തിലേക്ക് എന്നത്തേക്ക് മാറ്റാൻ കഴിയും ;

(ബി) പ്രസ്തുത സ്കൂളിനായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ സ്കൂളിനുള്ള എന്തെല്ലാം സൗകര്യങ്ങളാണ് ഇനി ഏർപ്പെടുത്താനുള്ളത് ;

(സി) സ്കൂളിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ എന്നത്തേക്ക് ആരംഭിക്കാൻ കഴിയും ?

ഉത്തരം

(എ) ഹരിപ്പാട് ടി.എച്ച്.എസ്.-നായി എം.പി. ഫണ്ടിൽ നിന്നും പണി തീർന്ന ഒരു ചെറിയ കെട്ടിടവും എൽ.എൽ.എ. ഫണ്ടിൽ നിന്നും പണി തീർന്ന ഒരു സെമി. പെർമനന്റ് കെട്ടിടവും പൂർത്തിയായിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങൾ ടി.എച്ച്.എസ്.-ന്റെ പ്രവർത്തനത്തിന് മതിയാവില്ല. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന മുറയ്ക്ക് ടി.എച്ച്.എസ്. പുതിയ കെട്ടിടത്തിലേക്ക് മാറ്റാവുന്നതാണ്.

(ബി) വർക്ഷോപ്പ് കെട്ടിടം, ത്രീഫേസ് ഇലക്ട്രിക്കൽ കണക്ഷൻ, വാട്ടർ സപ്ലൈ തുടങ്ങിയ സൗകര്യങ്ങൾ ഇനിയും ഏർപ്പെടുത്തേണ്ടതുണ്ട്.

(സി) ടി.എച്ച്.എസ്.-ന് സിവിൽ വർക്കിനായി കഴിഞ്ഞ വർഷവും നടപ്പു വർഷവും ബഡ്ജറ്റിൽ പണം ഒന്നും തന്നെ വകകൊള്ളിച്ചിട്ടില്ല. ആയതിനാൽ വകുപ്പുതലത്തിൽ പുതിയ സൗകര്യങ്ങൾ ടി.എച്ച്.എസ്.-ൽ ഏർപ്പെടുത്താൻ നിർവ്വാഹമില്ല. നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുന്ന മുറയ്ക്ക് ടി.എച്ച്.എസ്.-നെ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly